## 1117

എന്തു ചെയ്യാം-പാപി! എന്തു ചെയ്യാം പാപി!
അന്ധകാരകാലം വരുന്നെന്തു ചെയ്യാം ?
ചിന്തയറ്റിരിപ്പതേറ്റം സന്താപഹേതുകമാം

1 ബന്ധുതയും നിൻയശസ്സും ചിന്തിക്കുകിലെന്ത നിത്യം!
ചെന്തീക്കനലിന്നു മുമ്പിൽ വെന്തിടുന്ന പഞ്ഞിപോലെ-

2 ഈശനിതാ തൻദയയാൽ നാശമയനായ നിന്നെ
നീചതയിൽ നിന്നുയർത്താനാശയോടുരച്ചിടുന്നാൻ-

3 ദേവദയയാൽ ശുഭമാം ഭാവം നിനക്കുള്ളതിപ്പോൾ
ദേവകൃപ തള്ളിടവേ-ശാപം വരും നിശ്ചയമാം-

4 നിൻ ബലമെന്തോർത്തുകണ്ടാൽ പുല്ലുതുല്യമാം ശരീരം
ചുംബനം ചെയ്യുന്നു നാശസമ്പദം ഇനിയൊരിക്കൽ

5 ലോകവിദ്യയഭ്യസിച്ചും മോഹവസ്തുശേഖരിച്ചും
കാലം കഴിക്കെന്നു വന്നാൽ നാഥൻ വരും നാളിൽ നിനക്കെന്തു-

6 ലോകവിധി കാര്യമാക്കി ദൈവവിധി വിസ്മരിച്ചാൽ
ലോകം വിറയ്ക്കുന്ന മഹാ നാളിൽ നിനക്കാവലോടെ-

7 മാനുജപ്രസാദം നോക്കി ദൈവപ്രസാദം വെടിഞ്ഞ
സ്ഥാനമാനികളെയഗ്നി ന്യൂനീകരിക്കും സമയം-

8 നാളിൽ നാളിൽ ഭേദമല്ലേ ലോകത്തിന്നു കാണുന്നുള്ളു?
നീളവേ നിൻപുഷ്ടി നിലച്ചിടുമോ ? നീയോർത്തുകാൺക-

9 ഇഷ്ടകാലമത്രേയിതു രക്ഷപെടാനേനമല്ലോ
കഷ്ടം വരും മുൻ പരന്റെ ശ്രേഷ്ഠപദം ചേർന്നുകൊൾ നീ-
**K.V.S.**